(ബി) വ്യാജചിട്ടിസ്ഥാപനങ്ങൾ നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യാജ ചിട്ടിസ്ഥാപനങ്ങൾ നടത്തി പൊതുജനങ്ങളുടെ പണം തട്ടിയതിന് 2011-ൽ 36 കേസുകളും 2012-ൽ 51 കേസുകളും 2013-ൽ 82 കേസുകളും 2014 ജൂലൈ 7 വരെ 82 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായും അല്ലാതേയും ചിട്ടി സ്ഥാപനങ്ങളിൽ പരിശോധന നടത്തി ശരിയായ രജിസ്ട്രേഷനും ലൈസൻസുമുള്ള സ്ഥാപനങ്ങളാണെന്ന് ഉറപ്പുവരുത്തുകയും നിയമവിരുദ്ധമായി പ്രവർത്തിക്കുക യാണെങ്കിൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**ഓപ്പറേഷൻ കുബേര**

**152 (7715)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓപ്പറേഷൻ കുബേരയുടെ ഭാഗമായി എൻ.ബി.എഫ്.സി. ബാങ്കുകൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

ഓപ്പറേഷൻ കുബേരയുടെ ഭാഗമായി എൻ.ബി.എഫ്.സി. ബാങ്കുകൾക്കെതിരെ Kerala Money Lenders Act പ്രകാരവും IPC പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓപ്പറേഷൻ കുബേര**

**153 (7716)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓപ്പറേഷൻ കുബേര പ്രകാരം അറസ്റ്റുചെയ്ത ഏതെങ്കിലും കേസുകളിൽ പ്രതികളെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

ഓപ്പറേഷൻ കുബേര പ്രകാരം അറസ്റ്റു ചെയ്ത 41 കേസുകളിൽ പ്രതികളെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചിട്ടുണ്ട്.

**ഓപ്പറേഷൻ കുബേര-നീലേശ്വരം പോലീസ് സർക്കിളിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ**

**154 (7717)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഓപ്പറേഷൻ കുബേര' പ്രകാരം നീലേശ്വരം പോലീസ് സർക്കിളിന് കീഴിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ആർക്കൊക്കെ എതിരെ ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രതികളിൽ നിന്നും എത്ര പ്രമാണങ്ങളും അനുബന്ധ രേഖകളും പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇവരിൽ എത്ര പേർക്ക് ജാമ്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) അനധികൃത ബ്ലേഡുകാരിൽ എത്രപേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 'ഓപ്പറേഷൻ കുബേര' പ്രകാരം നീലേശ്വരം പോലീസ് സർക്കിളിന് കീഴിൽ 12 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രതികളിൽ നിന്നും പിടിച്ചെടുത്ത രേഖകളുടെ വിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) ഇവരിൽ 4 പേർക്ക് ജാമ്യം നൽകിയിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് 12 പേരെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്.

**ഓപ്പറേഷൻ കുബേര-വൻകിട ചിട്ടി കമ്പനികളിലും ധനകാര്യ സ്ഥാപനങ്ങളിലും റെയ്ഡ്**

**155 (7718)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ഏതെങ്കിലും വൻകിട ചിട്ടികമ്പനികളിലും സ്വകാര്യ ധനകാര്യസ്ഥാപനങ്ങളിലും റെയിഡ് നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ട് ;

(ഇ) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി വൻകിട ചിട്ടികമ്പനികളിലും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലും റെയിഡ് നടത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(സി) ഇതുമായി ബന്ധപ്പെട്ട് 75 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 383 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) ഇതുസംബന്ധിച്ച വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly